(സി) പ്രസ്തുത പാർക്കിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിനായി ഇറിഗേഷൻ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

പൊസഡിഗുംപെ ടൂറിസം പദ്ധതി

124(2480) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മണ്ഡലത്തിലെ പൊസഡിഗുംപെ ടൂറിസം പദ്ധതി പരിഗണനയിൽ ഉണ്ടോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയത് സങ്കൽപ് ആർക്കിടെക്ട്സ് ആണ്.

(ബി) പദ്ധതിയുടെ പ്രോജക്ട് അടങ്കൽ തുക എത്രയാണ്; ഇതിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഈ പദ്ധതിയുടെ അടങ്കൽ തുക 4,99,56,599 രൂപയാണ്. ഈ പദ്ധതിയിൽ താഴെപ്പറയുന്നവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ട്രക്കിംഗ് ബേസ് ക്യാമ്പ്
2. ഈസി ട്രക്കിംഗ് റൂട്ട്
3. വേ സ്റ്റേഷൻസ്
4. ഹാർഡ് ട്രക്കിംഗ് റൂട്ട്
5. ക്യാമ്പിംഗ് സൈറ്റ്
6. ജി.ടി.എസ്. മോണുമെന്റ് കോമ്പൗണ്ട്
7. ഗെറ്റ് എവെയ്സ്
8. ടോയ്ലെറ്റ് ആൻഡ് വ്യൂ പ്ലാറ്റ്ഫോമ്സ്
9. ഹാർഡ് ട്രക്കിംഗ് ബേസ് ക്യാമ്പ്
10. സൈക്കിളിംഗ് റൂട്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

&

(ഡി) ഉത്തര കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഉണർവ്വേകുന്നതും ടൂറിസം വികസനത്തിന് വൻ സാധ്യതയുള്ളതുമായ പൊസഡിഗുംപെ ടൂറിസം പ്രോജക്ട് എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പൊസഡിഗുംപെ ടൂറിസം വികസനത്തിനായുള്ള പ്രൊപ്പോസൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനമാണ് ഭരണാനുമതിക്കായി സമർപ്പിച്ചത്. എന്നാൽ പദ്ധതിക്കാവശ്യമായ തുകയുടെ അപര്യാപ്തതമൂലം പ്രൊപ്പോസൽ മാറ്റിവയ്ക്കുകയുണ്ടായി. ടി പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ തീർത്ഥാടന ടൂറിസം പദ്ധതി

125(2481) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെങ്കൽ ശിവപാർവ്വതി ക്ഷേത്രം, വ്ളാത്താങ്കര പള്ളി എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

1. ഡെവലപ്മെന്റ് ഓഫ് ടൂറിസം അറ്റ് ദക്ഷിണ കൈലാസം മഹേശ്വരൻ ശിവ പാർവ്വതി ടെമ്പിൾ ഘടകങ്ങൾ-ബിൽഡിംഗ് & അമിനിറ്റി സെന്റർ, കുത്തമ്പലം, സോളാർ ലൈറ്റിംഗ്, ലാന്റ് സ്കേപ്പിംഗ് ഇതിൽ ബിൽഡിംഗിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഗ്രൗണ്ട് ഫ്ലോറിന്റെ പ്രവൃത്തികൾ ആരംഭിച്ചു.

2. പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് സ്വർഗ്ഗാരോഹിത മാതാ ചർച്ച്, വ്ലാത്താങ്കര ഘടകങ്ങൾ- മൾട്ടി പർപ്പസ് ഹാൾ, എ.റ്റി.എം. കൗണ്ടർ, കടമുറികൾ ഇതിൽ ബിൽഡിംഗിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കോവിഡ് ലോക്ഡൗൺ കാരണമാണ് പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly